# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയസഭാ ചോദ്യം നം. 831 05.02.2020 ന് മറുപടിയ്ക്ക്.

### വനമേഖലയെ അടുത്തറിയാനുള്ള അവസരം നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.ആർ. സുനിൽ കുമാർ : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും,<br>മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ബഹുഭൂരിപക്ഷം ജനങ്ങൾക്കും വനമേഖലയെ അടുത്തറിയാനുള്ള അവസരമില്ലായ്മ വനസംരക്ഷണം സംബന്ധിച്ച് ജനപിന്തുണ ആർജ്ജിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പൊതുജനങ്ങൾക്ക് വനമേഖലയെ അടുത്തറിയുന്നതിന് വനം വകുപ്പ് അവസരം ഒരുക്കുന്നുണ്ട്. വനപ്രദേശത്ത് പ്രകൃതി സൗന്ദര്യം കൂടുതലുള്ള പ്രദേശങ്ങളിൽ അവിടെയുള്ള പരിസ്ഥിതിക്കും, വന്യമൃഗങ്ങൾക്കും കോട്ടം തട്ടാത്തവിധം സന്ദർശനം നടത്തുന്നതിനും വനം വന്യജീവികളെക്കുറിച്ചും അവയുടെ സംരക്ഷണത്തെക്കുറിച്ചും അറിയുന്നതിനും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവസരം നൽകുന്നുണ്ട്. ഇത് പൊതുജനങ്ങൾക്ക് വനസംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനും സഹായകരമായിട്ടുണ്ട്. ഇതിന് ജനങ്ങളുടെ പൂർണ്ണ പിന്തുണ ലഭിക്കുന്നുണ്ട്. ഇത്തരം അവസരങ്ങൾ ഉപയോഗിക്കുന്ന കുട്ടികൾ വളർന്നുവരുമ്പോൾ കാടിനെ സ്നേഹിക്കുന്നവരായും മികച്ച പ്രകൃതി സ്നേഹികളായും മാറുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജനങ്ങളുടെ അറിവില്ലായ്മ മാറ്റി കാടിനേയും അതിന്റെ സത്തയെയും ജനങ്ങൾക്ക് നേരിട്ട് അനുഭവ വേദ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | വനത്തേയും അതിന്റെ സത്തയേയും ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാക്കുന്നതിന് പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളിൽ എല്ലാം പൊതുജനങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം, പ്രകൃതി പഠന ക്യാമ്പ് മുതലായ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (സി) | വനമേഖലകളിലെ സന്ദർശനം ജനങ്ങൾക്ക്, പ്രത്യേകിച്ച് നഗര വാസികൾക്ക് ശുദ്ധവായു ശ്വസിക്കുന്നതിനും അതുവഴി ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു റീചാർജിംഗ് അനുഭവമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിനായി പ്രത്യേക ബുക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനം നടപ്പിൽ വരുത്തുമോ എന്നറിയിക്കാമോ? | (സി) | ഇക്കോ ടൂറിസം, പ്രകൃതി പഠന ക്യാമ്പ് പോലുള്ളവ ഇതിനോടകം നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ പ്രവേശനത്തിന് ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ